## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3410** **14.03.2017 ൽ മറുപടിയ്ക്ക്**

**ദേശീയപാത വികസനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി)** |
| (എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ സർവ്വകക്ഷി യോഗം വിളിച്ചിട്ടുണ്ടോ;<br>(ബി) എങ്കിൽ പ്രസ്തുത യോഗത്തിൽ 45 മീറ്റർ വീതിയിൽ ദേശീയപാതാ നിർമ്മാണം സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; | (എ) & (ബി) ഈ സർക്കാർ നിലവിൽ വന്നതിനു ശേഷം പ്രസ്തുത വിഷയത്തിൽ സർവ്വകക്ഷി യോഗങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. |
| (സി) ഇത് സംബന്ധിച്ച സർക്കാർ നയം എന്താണെന്ന് വിശദീകരിക്കുമോ? | (സി) NHDP Phase II & III പ്രകാരം ദേശീയപാതകൾ സർവ്വീസ് റോഡോടു കൂടിയ 6 വരി/ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിന് കുറഞ്ഞത് 60 മീറ്റർ റൈറ്റ് ഓഫ് വേ (RoW) ആണ് മാനദണ്ഡങ്ങൾ പ്രകാരം കണക്കാക്കിയിട്ടുള്ളത്. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര മന്ത്രാലയം ഇത് 45 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇത് നിലവിൽ അംഗീകരിച്ചിട്ടുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**